# Weekly Devotion - January 2018

## പിടിവിടാത്ത കിനാവള്ളി. ( Formidable Octopus)




ഇസബല്ല എന്ന് പേരുള്ള ഒരു വനിത തന്റെ ചില കാര്യങ്ങൾ സാധിക്കുന്നതിന് ഒരു മന്ത്രവാദിയെ സമീപിച്ചു. ചതിയനായ മന്ത്രവാദി ഒരു ചിത്രം പെയിന്റ് ചെയ്തുകൊടുത്തിട്ട് എന്നും അതിൽ ചുംബിക്കുവാൻ പറഞ്ഞു. പ്രശ്നപരിഹാരം നടക്കുമല്ലോ എന്നുകരുതി ദിവസവും ചിത്രത്തെ ചുംബിച്ച യുവതി മന്ത്രവാദി പറഞ്ഞ 3 മാസംകൊണ്ട് പ്രശ്നപരിഹാരം ലഭിക്കാതെ അധരത്തിൽ പിടിച്ച പെയിന്റിന്റെ മാരകമായ വിഷത്താൽ രോഗിയായി മരിക്കുകയും ചെയ്യ്തു. പാപം നമ്മെ പിടിച്ചാൽ പിടിവിടുകയില്ല കിനാവള്ളിയെ പോലെ അത് നമ്മെതകർക്കും നാം പാപത്തിന് ഇരയാകുകയും ചെയ്യും. പാപം തടിച്ചുകൊഴുത്താൽ ആത്മാവ് മെലിഞ്ഞുണങ്ങും.

ഗുഹപോലെയുള്ള പാർപ്പിടങ്ങൾ വെള്ളത്തിന്റെ അടിയിലോ, പാറകളുടെ പിളർപ്പിലോ, നദിക്കരയിലോ ഉണ്ടാക്കിയാണ് കിനാവള്ളികൾ പാർക്കുന്നത്. വേട്ടയാടി പിക്കുവാനായി കണ്ണിന് നല്ല കാഴ്ചയുള്ള ഈ ജീവി സാഹചര്യത്തിനനുസരിച്ച് തന്റെ നിറവും മാറ്റുന്നു. ഇതുപോലെയാണ് ചിലന്തിയും ഇരയെ വീഴ്ത്തുവാൻ വല ഒരുക്കി കാത്തിരിക്കുന്നത്. ആദ്യമാതാവിനെ വളരെ മനോഹരമായ വാക്കുകൾ ഒരുക്കി സാത്താൽ ചതിയിൽ വീഴിച്ചപ്പോൾ ആദാമും ഹവ്വയും ശാപത്തിന്റെ ഇരക

ളായി. അവർക്ക് രക്ഷപെടുവാൻ കഴിയാതവണ്ണം പാപമാകുന്ന കിനാവള്ളി പിടിമുറുക്കിയപ്പോൾ മിസ്രയീം രാജാവിന്റെ കെണിയിൽ വീഴാതെ ശിപ്ര, പൂവാ എന്ന രണ്ട് സൂതികർമ്മണികൾ ദൈവത്തെ ഭയപ്പെട്ട് സാത്തന്റെ തന്ത്രത്തെ തോല്പിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു.

**Read** പുറ : (1: 15 -17,21)

കിനാവള്ളിയുടെ ഭക്ഷണം ഏറ്റവും നല്ല ഇനം മത്സ്യങ്ങൾ, ഞണ്ടുകൾ, കക്കകൾ മുതലായവ ആണ്.കട്ടിയുള്ള തോടുള്ള ഇരയെ പിടിച്ചു വച്ചശേഷം മുൻപിലുള്ള രണ്ട് പല്ലുകൾ ഉപയോഗിച്ച് തോട് കിഴിച്ച് മാംസളമായ ഭാഗം പുറത്തെടുത്ത് ഭക്ഷിക്കുന്നു. ഇതുപോലെ വിശ്വാസത്തിലുറച്ച് പ്രാർത്ഥനയാലും സ്തോത്രത്താലും ദൈവത്തോട് ചേർന്നു നിലക്കുന്നവരെ എടുത്ത് പുറത്തുകളയുകയാണ് സാത്താന്റെ പദ്ധതി ദാനി:6:(7-10), (20-24) വരെയുള്ള വാക്യങ്ങളിൽ പതിവുപോലെ മൂന്നുനേരം പ്രാർത്ഥിക്കുന്ന ഉൽകൃ.ഷ്ടമാനസനായ ദാനിയേലിനെ പുറത്തുകളയുവാൻ ദുഷ്ടൻമാർ '30'ദിവസത്തേക്ക് ഒരു ആരാധനാക്രമം കൊണ്ടുവന്നു. അനുസരിക്കാത്തവർക്ക് സിംഹക്കുഴി ഒരുക്കി എന്ന രേഖ തയറാക്കുകയും ചെയ്തു. തോട് കിഴിച്ച് പുറത്തിട്ടിട്ടും തന്റെ വിശ്വാസത്തിലുറച്ചു നിന്നവനെ സ്വർഗ്ഗംകണ്ടു. സിംഹങ്ങളുടെ വായടപ്പിച്ച് മന്ദബുദ്ധികളാക്കി രേഖ ഒപ്പിട്ടവൻ ദാനിയേലിന്റെ ദൈവം സത്യദൈവമെന്ന് പറയുവാനിടയായി.

ഞരമ്പിൻ വിഷം കുത്തിവച്ച് തന്റെ ശത്രുവായ ഇരകളെ തളർത്തി കിനാവള്ളി തന്റെ ആഹാരമാക്കുന്നു. B.C 300ൽ ചൈനയിൽ വന്മതിൽ പണിത ഹവാങ് ചക്രവർത്തി ശത്രുവിൽ നിന്ന് തന്റെ ജനത്തെ രക്ഷിപ്പാൻ ആഗ്രഹിച്ചു. എന്നാൽ കോട്ട കാത്തവർ ശത്രുക്കളിൽ നിന്ന് കൈക്കൂലി വാങ്ങി ദേശത്തെ തകർത്തു. നമ്മുടെ ബലഹീനതകൾ മുതലാക്കുവാൻ സാത്താനെ സമ്മതിക്കരുത്. പാപത്തിൽ തിന്ന് മോചനം തരുവാൻ കഴിയുന്ന ദൈവ പുത്രനിൽ പൗലോസിനെ പോലെ യോസഫിനെ പോലെ ഉറച്ച് വിശ്വസിക്കുക.

**Read ഉല്പ 39:3,-10, 14-15 2 കൊരി(11 : 23-28)**

സാത്താൻ വചനത്തെ സ്നേഹിക്കുന്നവരെ വെറുക്കുന്നു. സുവിശേഷത്തോട് എക്കാലത്തും എവിടെയും ശത്രുമനോഭാവത്തിൽ വർത്തിക്കേണ്ടത് സാത്താന്റെ മുഖ്യമായവേലയാണ് സുവിശേഷം. മനുഷ്യരെ സ്വാധീനം ചെയ്യരുതെന്ന ആഗ്രഹമുള്ള സാത്താൻ വചനം പറയാതിരിക്കുവാൻ നാവുകളെ വിലക്കുന്നു. ഈ തന്ത്രങ്ങളെ തോല്പിക്കുവാൻ നമുക്കു കഴിയണം. ന്യായാ (16:6,12) വാക്യങ്ങൾ നോക്കിയാൽ 7 പച്ചചണ നൂലിട്ടുകെട്ടിയിട്ടും,പുതിയ കയറിട്ട് കെട്ടിയിട്ടും നൂലുപോലെ ശിംശോൻ പൊട്ടിച്ചത് ആത്മാവ് ഉള്ളിലുള്ളവനായിട്ടാണ്. പരിശുദ്ധാത്മാവ് നിറഞ്ഞവനായ യേശുവിന്റെ അടുക്കലെത്തിയ പരീക്ഷകനെ മരുഭൂമിയിൽ വച്ച്

യേശു ബലഹീനനാക്കിയത് വചനത്താലാണ്. ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല (1യോഹ 3:9)

പ്രീയരെ! ഒരു പുതിയ സ്വഭാവം ഉള്ളിലാക്കുവാൻ വചനം ഉള്ളിൽ സംഗ്രഹിച്ച് ക്രിസ്തുവിനോടു ചേർന്ന് മുൻപോട്ടുയാത്ര ചെയ്യുവാൻ ദൈവം സഹായിക്കട്ടെ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind